"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് 2025-26 - "Pilgrim Tourism Development at Pazhanchannoor Sree Subramanya Temple, Chaliyam Kozhikode" - എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.169/2026/TSM തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:-

1. സ.ഉ. (കൈ) നം.3/2019/ടൂറിസം തീയതി 30.05.2019.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 28.02.2026-ലെ ഡി ഒ റ്റി/603/2026-പി 7 നമ്പർ കത്ത്.
3. 02.03.2026-ലെ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ബേപ്പൂർ നിയോജക മണ്ഡലത്തിലെ പഴഞ്ചന്നൂർ ശ്രീ സുബ്രമണ്യ ക്ഷേത്രം പുരാതനവും ആത്മീയ പ്രാധാന്യമുള്ളതുമായ ഒരു പ്രധാന ക്ഷേത്രമാണ്. ഈ ക്ഷേത്രത്തിൽ ഉത്സവ വേളകളിലും പ്രത്യേക പൂജാദിനങ്ങളിലും ഉൾപ്പെടെ വലിയ തോതിൽ ഭക്തജനങ്ങളും തീർത്ഥാടകരും സന്ദർശനം നടത്തുന്നു. ക്ഷേത്രത്തിൽ എത്തിച്ചേരുന്ന തീർത്ഥാടകരുടെ സൗകര്യാർത്ഥം, തീർത്ഥാടന ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി "Pilgrim Tourism Development at Pazhanchannoor Sree Subramanya Temple, Chaliyam, Kozhikode " - എന്ന പദ്ധതിക്ക് 15,00,000/- രൂപ ( പതിനഞ്ച് ലക്ഷം രൂപ മാത്രം ) നടപ്പ് സാമ്പത്തിക വർഷത്തിൽ "5452-01-101-99-00-34-03- Upgradation and creation of Infrastructure and Amenities (Plan)" എന്ന ശീർഷകത്തിൽ നിന്നും ഭരണാനുമതി നൽകുന്നതിന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. 02.03.2026-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പദ്ധതി പ്രൊപ്പോസൽ പരിശോധിക്കുകയും ചില നിബന്ധനകളോടെ പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. " **Pilgrim Tourism Development at Pazhanchannoor Sree Subramanya Temple, Chaliyam Kozhikode**" എന്ന പദ്ധതിക്ക് ചുവടെ ചേർക്കുന്ന **വ്യവസ്ഥകൾക്ക് വിധേയമായി** നടപ്പ് സാമ്പത്തിക വർഷത്തിൽ "5452-01-101-99-00-34-03- Upgradation and creation of Infrastructure and Amenities (Plan)" എന്ന ശീർഷകത്തിൽ നിന്നും 15,00,000/- രൂപയുടെ (പതിനഞ്ച് ലക്ഷം രൂപ മാത്രം ) **ഭരണാനുമതി നൽകി** ഉത്തരവാകുന്നു.

(i)The operation and maintenance of the assets shall be carried out by the temple authorities.

(ii)As part of pilgrim tourism, proposal is approved as a one-time measure and the Deputy Director concerned should ensure that the Government norms regarding pilgrim tourism development are met.

3. പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ എല്ലാ നിബന്ധനകളും നിർബന്ധമായി പാലിക്കുന്നുണ്ടെന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്. പദ്ധതി നടപ്പിലാക്കിയതിന് ശേഷമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

ചീഫ് പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്-1), തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി ഓഫീസ്, വെള്ളയമ്പലം, തിരുവനന്തപുരം.

ധനകാര്യ(വ്യയം-ബി) വകുപ്പ്.

ടൂറിസം(എ) വകുപ്പ് (എ2/74/2026/ടൂർ)

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്(വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി ( സി2/104/2026/ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 10-03-2026 14:04:20

സെക്ഷൻ ഓഫീസർ

പകർപ്പ്: 1. ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

2. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ

3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ